**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1688** **08-02-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ വകുപ്പും നോളജ് ഇക്കോണമി മിഷനും ചേർന്ന് നടപ്പാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ ഐ ബി സതീഷ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ വകുപ്പും നോളജ് ഇക്കോണമി മിഷനും ചേർന്ന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നതെന്നും അവയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ; | (എ) | കേരള നോളജ് ഇക്കോണമി മിഷൻ വഴി ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം മെച്ചപ്പെട്ട കരിയർ ലഭ്യമാക്കുന്നതിനായി കണക്ട് കരിയർ ടു ക്യാമ്പസ് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം അവരുടെ വിദ്യാഭ്യാസത്തിനു യോജിച്ച തൊഴിൽ മേഖല കണ്ടെത്തുവാനും ആവശ്യമായ മാർഗ്ഗ നിർദേശങ്ങൾ നല്കുന്നതിനും എല്ലാ കോളേജുകളിലും പ്ലേസ്മെന്റ് സെൽ സ്ഥാപിക്കുകയും, പ്രസ്തുത സെല്ലിന്റെ നടത്തിപ്പിനുമായി ഒരു അധ്യാപകനെ കോർഡിനേറ്റർ ആയി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ നിയമിക്കപ്പെട്ടിട്ടുള്ള കോർഡിനേറ്റർമാരുടെ ട്രെയിനിങ് നടത്തുന്നതിനുള്ള പ്രൊപോസൽ കേരള നോളജ് ഇക്കോണമി മിഷൻ നു സമർപ്പിക്കുകയും ആയതിന്മേൽ കേരള നോളജ് ഇക്കോണമി മിഷൻ ഉചിത നടപടി സ്വീകരിച്ചു വരികയുമാണ്. കോളേജ് തലത്തിലെ വിദ്യാർത്ഥിനികളെ നൈപുണ്യ പരിശീലനം നൽകി തൊഴിൽ സജ്ജരാക്കുന്നതിനുള്ള "തൊഴിലരങ്ങത്തേക്ക്" പദ്ധതിയുടെ ഭാഗമായി ഫെബ്രുവരിയിൽ നടത്തുന്ന തൊഴിൽമേള സംഘടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു . |
| (ബി) | തൊഴിലിടങ്ങളിലെ സ്ത്രീ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനായി കോളേജ് വിദ്യാർത്ഥികൾക്ക് വേണ്ടി സംസ്ഥാന നോളജ് ഇക്കോണമി മിഷനുമായി ചേർന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | കേരള നോളജ് ഇക്കോണമി മിഷൻ വഴി ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം മെച്ചപ്പെട്ട കരിയർ ലഭ്യമാക്കുന്നതിനായി കണക്ട് കരിയർ ടു ക്യാമ്പസ് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം അവരുടെ വിദ്യാഭ്യാസത്തിനു യോജിച്ച തൊഴിൽ മേഖല കണ്ടെത്തുവാനും ആവശ്യമായ മാർഗ്ഗ നിർദേശങ്ങൾ നല്കുന്നതിനും എല്ലാ കോളേജുകളിലും പ്ലേസ്മെന്റ് സെൽ സ്ഥാപിക്കുകയും, പ്രസ്തുത സെല്ലിന്റെ നടത്തിപ്പിനുമായി ഒരു അധ്യാപകനെ കോർഡിനേറ്റർ ആയി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ നിയമിക്കപ്പെട്ടിട്ടുള്ള കോർഡിനേറ്റർമാരുടെ ട്രെയിനിങ് നടത്തുന്നതിനുള്ള പ്രൊപോസൽ കേരള നോളജ് ഇക്കോണമി മിഷൻ നു സമർപ്പിക്കുകയും ആയതിന്മേൽ കേരള നോളജ് ഇക്കോണമി മിഷൻ ഉചിത നടപടി സ്വീകരിച്ചു വരികയുമാണ്. കോളേജ് തലത്തിലെ വിദ്യാർത്ഥിനികളെ നൈപുണ്യ പരിശീലനം നൽകി തൊഴിൽ സജ്ജരാക്കുന്നതിനുള്ള "തൊഴിലരങ്ങത്തേക്ക്" പദ്ധതിയുടെ ഭാഗമായി ഫെബ്രുവരിയിൽ നടത്തുന്ന തൊഴിൽമേള സംഘടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു . |
| (സി) | തൊഴിൽ കമ്പോളത്തിൽ മത്സരിക്കുന്നതിനും തൊഴിൽമേളകളിലും അഭിമുഖങ്ങളിലും വിജയിക്കുന്നതിനും തൊഴിൽ നൈപുണ്യം കരഗതമാക്കുന്നതിനും ഉതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | കേരള നോളജ് ഇക്കോണമി മിഷൻ വഴി ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം മെച്ചപ്പെട്ട കരിയർ ലഭ്യമാക്കുന്നതിനായി കണക്ട് കരിയർ ടു ക്യാമ്പസ് എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം അവരുടെ വിദ്യാഭ്യാസത്തിനു യോജിച്ച തൊഴിൽ മേഖല കണ്ടെത്തുവാനും ആവശ്യമായ മാർഗ്ഗ നിർദേശങ്ങൾ നല്കുന്നതിനും എല്ലാ കോളേജുകളിലും പ്ലേസ്മെന്റ് സെൽ സ്ഥാപിക്കുകയും, പ്രസ്തുത സെല്ലിന്റെ നടത്തിപ്പിനുമായി ഒരു അധ്യാപകനെ കോർഡിനേറ്റർ ആയി നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ നിയമിക്കപ്പെട്ടിട്ടുള്ള കോർഡിനേറ്റർമാരുടെ ട്രെയിനിങ് നടത്തുന്നതിനുള്ള പ്രൊപോസൽ കേരള നോളജ് ഇക്കോണമി മിഷൻ നു സമർപ്പിക്കുകയും ആയതിന്മേൽ കേരള നോളജ് ഇക്കോണമി മിഷൻ ഉചിത നടപടി സ്വീകരിച്ചു വരികയുമാണ്. കോളേജ് തലത്തിലെ വിദ്യാർത്ഥിനികളെ നൈപുണ്യ പരിശീലനം നൽകി തൊഴിൽ സജ്ജരാക്കുന്നതിനുള്ള "തൊഴിലരങ്ങത്തേക്ക്" പദ്ധതിയുടെ ഭാഗമായി ഫെബ്രുവരിയിൽ നടത്തുന്ന തൊഴിൽമേള സംഘടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു . |

സെക്ഷൻ ഓഫീസർ